## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2157 — 18.03.2015 ൽ മറുപടിയ്ക്ക്

# പബ്ലിക് റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി. വിൻസന്റ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 01.04.2008 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കുന്നത് മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം കാൻസർ ബാധിതർ, കിഡ്നി സംബന്ധ രോഗം മൂലം ഡയാലിസിസിന് വിധേയമായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി വായ്പയെടുത്തശേഷം |

| | | | |
|---|---|---|---|
| | | | മാരക രോഗം പിടിപെട്ടവരുടെ വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000/- രൂപയുടെ ആനുകൂല്യം നൽകാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.<br><br>വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട്മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിന് കുടിശ്ശിക വരുത്താത്ത വായ്പക്കാർക്ക് വായ്പാ ബാധ്യത ഒഴിവാക്കുന്നതിന് ആനുകൂല്യം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) | പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 2015 ഫെബ്രുവരി വരെ ആകെ 100,54,92,890/- (നൂറ് കോടി അൻപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ) രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളിലും ബാങ്കുകളിലുമാണ് പദ്ധതി നടപ്പാക്കിയതെന്ന് വിശദീകരിക്കാമോ ? | (ഡി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ. മറ്റ് വായ്പാ സഹകരണ സംഘങ്ങൾ തുടങ്ങി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിലുമാണ് റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ